പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1793</u> <u>18.06.2012 ൽ മറുപടിക്ക്</u>

## <u>ഗുണ്ടാമാഫിയ ബന്ധമുള്ള പോലീസുകാർ</u>

<u>ചോദ്യം</u>

ശ്രീമതി പി. അയിഷാ പോറ്റി

<u>മറുപടി</u>

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി

(എ) സംസ്ഥാനത്ത് ഗുണ്ടാ-മാഫിയ ബന്ധമുള്ള പോലീസുകാരുടെ വിവരശേഖരണം പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) അവർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(എ)യും (ബി)യും സംസ്ഥാനത്ത് ഗുണ്ടാ-മാഫിയ ബന്ധമുള്ള പോലീസുകാരുടെ വിവരശേഖരണം നടത്തിയിട്ടില്ല. എന്നാൽ സാമൂഹ്യ വിരുദ്ധ പ്രവർത്തനം നടത്തുന്നവരുമായി അകലം പാലിക്കണമെന്നും, അത്തരക്കാരുമായി ഒരു വിധത്തിലുള്ള പ്രവർത്തനങ്ങളും പാടില്ലയെന്നും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ പോലീസ് സേനാംഗങ്ങളും ഇക്കാര്യത്തിൽ ഇന്റലിജൻസ് വിഭാഗത്തിന്റെ നിരീക്ഷണ പരിധിയിലാണ്.

(സി) ക്രിമിനൽ കേസിൽ പ്രതികളായിട്ടുള്ള പോലീസുകാർക്കെതിരെ വകുപ്പ് തലത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

(സി) സംസ്ഥാനത്തെ പോലീസ് സേനയെ ക്രിമിനൽ വാസന ഇല്ലാതാക്കുന്നതിന്റെ ഭാഗമായി ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം അനുസരിച്ച് സംസ്ഥാന പോലീസ് മേധാവി 09.09.2011 ൽ 29/2011 നമ്പറായി ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത സർക്കുലറിൽ പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുള്ള ക്രിമിനൽ കേസുകളുടെ എഫ്.ഐ.ആറിന്റെ പകർപ്പ് പോലീസ് ആസ്ഥാനത്തേയ്ക്ക് അയച്ച് കൊടുക്കുന്നു. പ്രസ്തുത എഫ്.ഐ.ആറിലെ വിവരങ്ങൾ ഉൾക്കൊള്ളിച്ച് ഒരു രജിസ്റ്റർ ഉണ്ടാക്കി ആയത് സമയാസമയങ്ങളിൽ പുതുക്കി സൂക്ഷിക്കുന്നു.

പോലീസ് ആസ്ഥാനത്തെ എ.ഐ.ജി
യോട് നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം
ലഭിക്കുന്ന എഫ്.ഐ.ആറുകൾ എ.ഡി.
ജി.പി (ഇന്റ) ന്റെ അന്വേഷണത്തിനും
വിശദമായ പഠനത്തിനുമായി അയച്ചു
കൊടുക്കുകയും അന്വേഷണ
റിപ്പോർട്ട് സംസ്ഥാന പോലീസ് മേധാ
വിക്ക് നൽകുവാനും സർക്കുലറിൽ
നിർദ്ദേശിച്ചിട്ടുണ്ട്. ക്രിമിനൽ കുറ്റം
ചെയ്തിട്ടുള്ള പോലീസ് ഉദ്യോഗ
സ്ഥരെ സേനയിൽ നിന്നും മാറ്റി നിര
ത്തുവാനും ഇത്തരം പ്രവണത
ഇല്ലായ്മ ചെയ്യുവാനും പ്രസ്തുത
സർക്കുലർ പ്രകാരം ബന്ധപ്പെട്ട എല്ലാ
പോലീസ് ഉദ്യോഗസ്ഥർക്കും കർശന
നിർദ്ദേശം നൽകിയിട്ടുണ്ട്. ടി സർക്കു
ലർ പ്രകാരം തയ്യാറാക്കിയ പട്ടിക,
സോണൽ എ.ഡി.ജി.പി.മാർ, എ.ഡി.
ജി.പി. ക്രൈംസ്, എ.ജി.ഡി.പി. ഇന്റലി
ജൻസ് എന്നിവരടങ്ങുന്ന സമിതി
എല്ലാ വർഷവും ഫെബ്രുവരി, ആഗസ്റ്റ്
മാസങ്ങളിൽ യോഗം ചേർന്ന്, പരി
ശോധിക്കുകയും പട്ടികയിൽ ഉൾപ്പെട്ട
ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥൻ
പോലീസ് സേനയിൽ ഒട്ടും അനുയോ
ജ്യനല്ലെന്ന് സമിതി വിലയിരുത്തുന്ന
പക്ഷം ടിയാനെ കേരളാ പോലീസ്
ആക്ട്, 2011 സെക്ഷൻ 86 പ്രകാരം
നീക്കം ചെയ്യാൻ നിർദ്ദേശം നൽകു
ന്നതും അതനുസരിച്ച് തുടർ നടപടി
സ്വീകരിക്കുന്നതുമാണ്.

സെക്ഷൻ ഓഫീസർ